ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.12.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ഒമാൻറെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് ഒമാൻ പുരസ്കാരം ഏറ്റുവാങ്ങി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ-ഒമാൻ ബന്ധം ശക്തിപ്പെടുത്തുന്നതിനായി നൽകിയ വിശിഷ്ട സംഭാവനകൾക്കാണ് പുരസ്കാരം.

   **Prime Minister Narendra Modi has been conferred with the 'Order of Oman' award by the Sultan of Oman, Sultan Haitham bin Tarik, for his exceptional contribution to India-Oman ties and his visionary leadership during a ceremony at the Royal Palace in Muscat, today.**

2) വികസിത് ഭാരത്- ജി റാം ജി ബില്ലിന് ലോക്സഭയുടെ അംഗീകാരം. ആണവോർജ്ജ വിനിയോഗ ബിൽ 2025 പാർലമെൻറ് പാസ്സാക്കി. ശൈത്യകാല സമ്മേളനത്തിന് നാളെ സമാപനമാവും.

   **The Lok Sabha has passed the Viksit Bharat – Guarantee for Rozgar and Ajeevika Mission (Gramin): Viksit Bharat – G RAM G Bill 2025. Parliament passed the Sustainable Harnessing and Advancement of Nuclear Energy for**

Transforming India Bill, 2025. The winter session will conclude tomorrow.

3) ഇന്ത്യയുടെ സൈനിക മികവും പ്രവർത്തന ശേഷിയും ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രകടമായതായി വ്യോമസേനാ കമാൻഡേഴ്സ് കോൺക്ലേവിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് .

Defence Minister Rajnath Singh today asserted that operation Sindoor has demonstrated India's high-impact, short-duration operational capability while addressing the Air Force Commanders' Conclave in New Delhi.

4) തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിലെ സമയപരിധി നീട്ടണമെന്ന കേരളത്തിന്റെ ആവശ്യം അനുഭാവപൂർവം പരിഗണിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീം കോടതി നിർദേശം. എസ് ഐ ആർ എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ സംസ്ഥാനത്ത് നൂറു ശതമാനം പൂർത്തിയായി.

Supreme Court Asks ECI To Sympathetically Consider Pleas To Extend Deadlines Of Kerala & UP SIR . Digitization of Enumeration forms is now 100 percent complete in Kerala.

5) 30 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് സമാപനം.

30th IFFK will conclude tomorrow in Thiruvananthapuram

## PM-OMAN AWARD

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന പാദത്തിൽ ഒമാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള വരവേൽപ്. മസ്കറ്റിൽ നടന്ന ചടങ്ങിൽ, ഒമാൻ സുൽത്താനേറ്റിന്റെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് ഒമാൻ പുരസ്കാരം ശ്രീ മോദിക്ക് സുൽത്താൻ ഹൈതം ബിൻ താരിഖ് സമ്മാനിച്ചു. ഇന്ത്യ-ഒമാൻ ബന്ധം ശക്തിപ്പെടുത്തുന്നതിനായി നൽകിയ വിശിഷ്ട സംഭാവനകൾക്കാണ് പുരസ്കാരം. ഇരു രാജ്യങ്ങൾക്കുമിടയിലെ ദീർഘകാല സൗഹൃദത്തിന് പുരസ്കാരം സമർപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയിലെയും ഒമാനിലെയും ജനങ്ങൾക്കിടയിലെ ഊഷ്മള ബന്ധത്തിനുള്ള ആദരമാണ് പുരസ്കാരമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സന്ദർശനത്തിന്റെ ഭാഗമായി സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. ഇന്ത്യയിലെ വിവിധ തൊഴിൽ മേഖലകൾക്ക് നിരവധി അവസരങ്ങൾ കരാറിലൂടെ ലഭ്യമാകും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും, ഒമാൻ സുൽത്താൻറെയും സാന്നിധ്യത്തിൽ, കേന്ദ്ര വാണിജ്യ മന്ത്രി പീയുഷ് ഗോയലും, ഒമാൻ വാണിജ്യ മന്ത്രി ഖൈസ് അൽ യൂസഫുമാണ് കരാറിൽ ഒപ്പുവച്ചത്.

## PM DIVERSITY(INTRO)

വൈവിധ്യമാണ് ഇന്ത്യൻ സംസ്കാരത്തിന്റെ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സഹജീവനത്തിൻറെയും,

സഹകരണത്തിൻറെയും മാതൃകയാണ് ഇന്ത്യൻ പ്രവാസികളെന്നും ഒമാനിലെ ഇന്ത്യൻ സമൂഹത്തെയും വിദ്യാർത്ഥികളെയും അഭിസംബോധന ചെയ്യുകൊണ്ട് അദ്ദേഹം പറഞ്ഞു. ലോകത്തിൻറെ ഏത് കോണിലാണെങ്കിലും, ഇന്ത്യൻ പൗരന്മാർ വൈവിധ്യത്തെ ബഹുമാനിക്കുന്നവരാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(വോയിസ്)

മസ്കറ്റിൽ നടന്ന ഇന്ത്യാ-ഒമാൻ വ്യാപാര ഉച്ചകോടിയെയും ശ്രീ മോദി അഭിസംബോധന ചെയ്തു. വിശ്വാസവും സൗഹൃദവുമാണ് ഇന്ത്യ- ഒമാൻ ബന്ധത്തിന്റെ അടിത്തറയെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഒമാൻ, ജോർദാൻ, എത്യോപ്യ ത്രിരാഷ്ട്ര സന്ദർശനം പൂർത്തിയാക്കി ശ്രീ മോദി അൽപസമയം മുൻപ് ന്യൂഡൽഹിലേക്ക് മടങ്ങി.

## VIKSIT BHARAT G-RAM-G BILL(INTRO)

വികസിത് ഭാരത്- ഗ്യാരൻറി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ ഗ്രാമീൺ ബിൽ 2025 ലോക്സഭ പാസ്സാക്കി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമാണ് പുതിയ ബിൽ കേന്ദ്രസർക്കാർ

കൊണ്ടുവന്നത്. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള ബിൽ പ്രതിവർഷം 125 തൊഴിൽ ദിനങ്ങൾ ഉറപ്പു നൽകുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നരേന്ദ്ര മോദി സർക്കാർ കാര്യക്ഷമമായാണ് നടപ്പാക്കിയതെന്ന്, ലോക്സഭയിൽ ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ പറഞ്ഞു. യുപിഎ സർക്കാർ ചിലവഴിച്ചതിലും അധികം തുക മോദി സർക്കാർ പദ്ധതിക്കായി വിനിയോഗിച്ചതിനു പുറമേ, വനിതാ പ്രാതിനിധ്യവും 56 ശതമാനമായി വർദ്ധിപ്പിച്ചു. പദ്ധതിയിൽ സുതാര്യതയും, കൂടുതൽ തൊഴിൽ അവസരങ്ങളും സൃഷ്ടിച്ച് വികസിത് ഭാരത്- ജി റാം ജി ബിൽ ഗ്രാമങ്ങളെ വികസിതമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

പ്രതിപക്ഷത്തിൻറെ കടുത്ത പ്രതിഷേധത്തിനിടെയാണ് ലോക്സഭ ബിൽ പാസ്സാക്കിയത്. തുടർന്ന് സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. പാർലമെൻറിൻറെ ശൈത്യകാലസമ്മേളനത്തിന് നാളെയാണ് സമാപനമാവുക.

**RS- NUCLEAR BILL**

ആണവോർജ്ജ വിനിയോഗ ബിൽ 2025 പാർലമെൻറ് പാസ്സാക്കി. ലോക്സഭ ഇന്നലെ പാസാക്കിയ ബില്ലിന് രാജ്യസഭ ഇന്ന് അംഗീകാരം നൽകുകയായിരുന്നു. ഇന്ത്യയുടെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആണവോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുകയാണ് ബിൽ ലക്ഷ്യമിടുന്നത്. ആണവോർജ്ജ നിയന്ത്രണ ബോർഡ് രൂപീകരിക്കാനും, ആണവോർജ്ജ പരിഹാര ഉപദേശക സമിതി, നഷ്ടപരിഹാര നിധി എന്നിവ സ്ഥാപിക്കാനും ബിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഊർജ്ജ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ പത്ത് വർഷത്തിനിടെ കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചതായി ബിൽ അവതരിപ്പിച്ച ആണവോർജ്ജ സഹമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു. ആണവ മേഖലയെ സംയുക്ത സംരംഭങ്ങൾക്കായി തുറന്നുകൊടുക്കാൻ സർക്കാർ തീരുമാനിച്ചതായി വ്യക്തമാക്കിയ അദ്ദേഹം സുരക്ഷാ മാനദണ്ഡങ്ങളിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്നും പറഞ്ഞു. ആണവോർജ്ജ വികസനം പൊതു മേഖല കേന്ദ്രീകരിച്ച് ആയിരിക്കണമെന്നും, സ്വകാര്യമേഖല ഈ രംഗത്തേക്ക് കടന്നു വരുന്നത് ശാസ്ത്രജ്ഞരുടെ ഇച്ഛാശക്തി കെടുത്തുമെന്നും ചർച്ചയ്ക്ക് തുടക്കം കുറിച്ച് കോൺഗ്രസ് നേതാവ് ജയറാം രമേഷ് പറഞ്ഞു. വികസിത് ഭാരത്- ജി റാം ജി ബിൽ രാജ്യസഭ ഇപ്പോൾ ചർച്ച ചെയ്യുകയാണ്.

## NH-NITHIN GADKARI

കേരളത്തിൽ ദേശീയപാത 66 ൽ മണ്ണ് കൊണ്ട് നിർമ്മിച്ചിട്ടുള്ള റിടൈനിംഗ് ഭിത്തിയോടു കൂടിയ ഉയരപ്പാതയ്ക്ക് പകരം പില്ലറുകളിൽ തീർത്ത കോൺക്രീറ്റ് ഉയരപ്പാതകൾ നിർമ്മിക്കുമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്ഗരി. ലോക്സഭയിൽ എൻ.കെ.പ്രേമചന്ദ്രൻ എം.പിയുടെ ചോദ്യത്തിന് മറുപടിയായാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

## AKASAVANI-DOORDARSAN

ആകാശവാണിയുടെയും ദൂരദർശൻറെയും നവീകരണത്തിനായി 2,539.61 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതിയൊരുക്കി കേന്ദ്ര സർക്കാർ . 2022–25 കാലയളവിൽ സർക്കാർ-ഇതര പരസ്യ വിഭാഗത്തിൽ ആകാശവാണിയും ദൂരദർശനും ആകെ നേടിയ വരുമാനം 587.78 കോടി രൂപയാണെന്നും കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുഗൻ ലോക്സഭയിൽ വ്യക്തമാക്കി.

## RAJNATH-AIR FORCE CONCLAVE

ഇന്ത്യയുടെ സൈനിക മികവും പ്രവർത്തന ശേഷിയും ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രകടമായതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് . വ്യോമസേനാ കമാൻഡേഴ്സ്

കോൺക്ലേവിനെ ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . ഓപ്പറേഷൻ സിന്ദൂറിൽ മികച്ച പ്രകടനം കാഴ്ചവച്ച ഇന്ത്യയുടെ പ്രതിരോധ സംവിധാനങ്ങളെ ശ്രീ രാജ്നാഥ് സിങ് പ്രശംസിച്ചു. ഭാവിയിലെ എല്ലാ വെല്ലുവിളികളെയും നേരിടാനുള്ള പാഠങ്ങൾ ഓപ്പറേഷൻ സിന്ദൂറിൽ നിന്ന് ഉൾക്കൊള്ളാൻ അദ്ദേഹം കമാൻഡർമാരോട് ആഹ്വാനം ചെയ്തു. 21 ആം നൂറ്റാണ്ടിൽ യുദ്ധമെന്നത്, ആയുധങ്ങൾ കൊണ്ടുള്ള പോരാട്ടം മാത്രമല്ലെന്നും, സാങ്കേതികവിദ്യയുടെയും, ആശയങ്ങളുടെയും ഏറ്റുമുട്ടൽ കൂടിയാണിതെന്നും രാജ്യരക്ഷാ വ്യക്തമാക്കി.

❋❋❋❋❋❋❋❋❋❋❋❋❋

**RATAN U KHELKAR (INTRO)**

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായി. എന്യൂമറേഷൻ ഫോമുകളുടെ ശേഖരണം ഇന്ന് അവസാനിച്ചു. കരട് വോട്ടർ പട്ടികയിൽ സ്വന്തം പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ അഭ്യർത്ഥിച്ചു.

(വോയിസ് - കേൽഖർ )

## SIR-SC

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിലെ സമയപരിധി നീട്ടണമെന്ന കേരളത്തിന്റെ ആവശ്യം അനുഭാവപൂർവം പരിഗണിക്കണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് സുപ്രീം കോടതി നിർദേശം. കേരളം, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് തീരുമാനമെടുക്കാൻ കോടതി നിർദേശം നൽകി.ഹർജി ജനുവരി 6ന് സുപ്രീംകോടതി വീണ്ടും പരിഗണിക്കും.

## IFFK

30 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ സമാപനം.

തിരുവനന്തപുരം നിശാഗന്ധിയിൽ വൈകുന്നേരം നടക്കുന്ന സമാപന ചടങ്ങിൽ സുവർണ ചകോരം, രജത ചകോരം തുടങ്ങി വിവിധ പുരസ്കാരങ്ങൾ സമ്മാനിക്കും. ഓഡിയൻസ് പോളിൽ പ്രേക്ഷകർക്ക് നാളെ ഉച്ചയ്ക്ക് 2 മണിക്ക് വരെ വോട്ട് രേഖപ്പെടുത്താവുന്നതാണ്.

## PM-WHO SUMMIT

ലോകാരോഗ്യ സംഘടനയുടെ രണ്ടാമത് പരമ്പരാഗത വൈദ്യശാസ്ത്ര ആഗോള ഉച്ചകോടിയുടെ സമാപന

സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ പങ്കെടുക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ

മൈ ആയുഷ് ഇന്റഗ്രേറ്റഡ് സർവീസസ് പോർട്ടൽ ഉൾപ്പെടെ നിരവധി സുപ്രധാന സംരംഭങ്ങൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും. ആയുഷ് ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരത്തിനായി ആഗോള തലത്തിൽ വിഭാവനം ചെയ്ത ആയുഷ് മാർക്ക് അദ്ദേഹം അനാച്ഛാദനം ചെയ്യും.

## RAILWAY – SPECIAL TRAINS

ക്രിസ്മസ്, പുതുവത്സര തിരക്ക് നിയന്ത്രിക്കുന്നതിനായി ഇന്ത്യൻ റെയിൽവേ ഒമ്പത് സോണുകളിലായി 138 പ്രത്യേക ട്രെയിൻ സർവീസുകൾ ഏർപ്പെടുത്തും. 650 ട്രിപ്പുകളാണ് ഇക്കാലയളവിൽ അധികമായി നടത്തുക.